**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നമ്പർ. 6931 | 02.11..2011 ൽ<br>മറുപടിയ്ക്ക് |

**പട്ടയം അനുവദിച്ച് നൽകുന്നതിന് നേരിടുന്ന തടസ്സങ്ങൾ**

| ചോദ്യം<br>ശ്രീ.ബി.ഡി.ദേവസ്സി | | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യു വകുപ്പ് മന്ത്രി) |
|---|---|---|
| എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട, കോടശ്ശേരി വില്ലേജിലെ നായരങ്ങാടി ദേശത്ത് സർവ്വേ നമ്പറുകൾ 681, 682 ലുള്ള 12 ഏക്കർ ഭൂമിയിലെ സ്ഥിര താമസക്കാരായ എഴുപതോളം കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ച് നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; | എ) & ബി) | ചാലക്കുടി നിയോജക മണ്ഡലത്തിലെ കോടശ്ശേരി വില്ലേജിലെ സർവ്വേ നമ്പർ 681, 682 ൽപ്പെട്ട നായരങ്ങാടി ദേശത്ത് വനഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി സംയുക്ത പരിശോധന കഴിഞ്ഞ് ഫോറസ്റ്റ് വകുപ്പ് മുഖാന്തിരം കേന്ദ്ര ഗവൺമെന്റ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതും, കേന്ദ്ര ഗവൺമെന്റിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| ബി) ഇവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ? | | |

സെക്ഷൻ ഓഫീസർ